MONDAY തിങ്കളാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## Farm Information Bureau

Agriculture Development and Farmer's Welfare Department
GOVERNMENT OF KERALA

Chief Editor : ASA S KUMAR    Editor : Dr BINU HARRIET IVAN



Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-07/08/2023.

1. ചിങ്ങം ഒന്ന് കർഷകദിനമായി ആചരിച്ചു വരുന്നു. ഈ വർഷത്തെ കർഷക ദിനാചരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ ആഗസ്റ്റ് 17 ന് (17.08.2023) വൈകിട്ട് 4:00 മണിക്ക് തിരുവനന്തപുരം കനകക്കുന്ന് നിശാഗന്ധി ആഡിറ്റോറിയത്തിൽ വച്ച് നിർവഹിക്കുന്നു.

2. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ഇ -പഠന കേന്ദ്രം "സമ്പന്ന മാലിന്യം" എന്ന വിഷയത്തിൽ നടപ്പിലാക്കി വരുന്ന മാസ്സിവ് ഓപ്പൺ ഓൺലൈൻ കോഴ്സിലേക്കുള്ള പുതിയ ബാച്ച് ഓഗസ്റ്റ് 18 ന് ആരംഭിക്കുന്നു. കേരള കാർഷിക സർവ്വകലാശാലയിലെ ശാസ്ത്രജ്ഞരാണ് ഇതിലെ ക്ലാസ്സുകൾ കൈകാര്യം ചെയ്യുന്നത്. താൽപ്പര്യമുള്ളവർ ഓഗസ്റ്റ് 17 നകം ഈ കോഴ്സിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. 24 ദിവസം ദൈർഘ്യമുള്ള ഈ കോഴ്സ്. പത്ത് സെഷനുകളിലായി തയ്യാറാക്കിയ കോഴ്സ് കെ.എ.യു. MOOC പ്ലാറ്റ്ഫോമിലൂടെ പ്രയോജനപ്പെടുത്താവുന്നതാണ്. www.celkau.in/MOOC/Default.aspx എന്ന ലിങ്കിൽ ക്ലിക് ചെയ്ത് ഈ കോഴ്സിൽ പേര് രജിസ്റ്റർ ചെയ്യാം. രജിസ്റ്റർ ചെയ്തവർക്ക് ഓഗസ്റ്റ് 18 മുതൽ 'പ്രവേശനം' എന്ന ബട്ടൺ ക്ലിക്ക് ചെയ്ത് യുസർ ഐ ഡി യും പാസ്സ്‌വേർഡും ഉപയോഗിച്ച് ക്ലാസ്സുകളിൽ പങ്കെടുക്കാവുന്നതാണ്.

3. സംസ്ഥാന സർക്കാർ കൃഷി വകുപ്പിന്റെ കീഴിലുള്ള ഫാം ഇൻഫർമേഷൻ ബ്യൂറോ പ്രസിദ്ധീകരിക്കുന്ന കേരള കർഷകൻ മാസികയുടെ ഒറ്റ പ്രതിയുടെ വില 20 രൂപയാക്കി വർദ്ധിപ്പിച്ചു. സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഒരു വർഷത്തേക്കുള്ള വരിസംഖ്യ 100 രൂപയിൽ നിന്നും 200 രൂപയും രണ്ട് വർഷത്തേക്ക് 400 രൂപയും 15 വർഷത്തേക്ക് 2000 രൂപയാക്കിയും വർധിപ്പിച്ചിട്ടുണ്ട്. പുതുക്കിയ നിരക്ക് 2023 ഓഗസ്റ്റ് 15 മുതൽ പ്രാബല്യത്തിൽ വരും. കൃഷിഭവനുകളിൽ പഴയനിരക്കിൽ സ്വീകരിച്ച വരിസംഖ്യ 2023 ആഗസ്റ്റ് 15-നുള്ളിൽ ഫാം ഇൻഫർമേഷൻ ബ്യൂറോക്ക് കൈമാറി സബ്സ്ക്രിപ്ഷൻ നടപടികൾ പൂർത്തിയാക്കണം.

**പരിശീലന പരിപാടി**

4. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിൽ പ്രവർത്തിക്കുന്ന മണ്ണുത്തി, കമ്മ്യൂണിക്കേഷൻ സെന്ററിൽ വച്ച് "അച്ചാർ നിർമ്മാണത്തിലൂടെ മൂല്യ വർദ്ധനവ്" എന്ന വിഷയത്തിൽ ഏകദിന പ്രായോഗിക

പരിശീലന പരിപാടി ഈ മാസം (11.08.2023) 11-ാം തീയ്യതി 10.00 മണി മുതൽ സംഘടിപ്പിക്കുന്നു. വിവിധതരം അച്ചാറുകളുടെ നിർമ്മാണവും അവ നിർമ്മിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ പ്രിസർവേഷൻ, പാക്കിംഗ്, ലേബലിംഗ് തുടങ്ങിയവയെ കുറിച്ചും ശാസ്ത്രീയമായി പഠിപ്പിക്കുന്നു. റജിസ്ട്രേഷൻ ഫീസ് 550/- രൂപ പങ്കെടുക്കാനാഗ്രഹിക്കുന്നവർ 0487-2370773 എന്ന ഫോൺ നമ്പറിൽ ആഗസ്റ്റ് 09 ന് മുമ്പായി ഓഫീസ് പ്രവർത്തി സമയങ്ങളിൽ ( 10.00 മുതൽ 05.00 മണി വരെ) ബന്ധപ്പെടുക.

5. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ഇ-പഠന കേന്ദ്രം (സെന്റർ ഫോർ ഇ-ലേണിംഗ്) 'മണ്ണ് സംരക്ഷണവും പരിപാലനവും' (Soil Health Management) എന്ന ഓൺലൈൻ പഠന സർട്ടിഫിക്കറ്റ് കോഴ്സിലേക്ക് അപേക്ഷ ക്ഷണിക്കുന്നു. ആറു മാസമാണ് കോഴ്സിന്റെ ദൈർഘ്യം. താല്പര്യമുള്ളവർ www.celkau.in എന്ന വെബ്സൈറ്റിലെ 'ഓൺലൈൻ കോഴ്സ്' എന്ന ലിങ്കിൽ നിന്നും രജിസ്റ്റേഷൻ ഫോറം പൂരിപ്പിച്ചു submit ചെയ്യേണ്ടതാണ്. രജിസ്റ്റർ ചെയ്യേണ്ട അവസാന തീയതി : 2023 ഓഗസ്റ്റ് 8. കോഴ്സുകൾ 2023 ഓഗസ്റ്റ് 9ന് തുടങ്ങുന്നതാണ്. കൂടുതൽ വിവരങ്ങൾ celkau@gmail.com എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. വിശദവിവരങ്ങൾക്ക് 0487-2438567, 0487-2438565, 8547837256, 9497353389 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

6. മലമ്പുഴ സർക്കാർ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ **പശു വളർത്തൽ** എന്ന വിഷയത്തിൽ ആഗസ്റ്റ് മാസം 9 ന് (09/08/2023) രാവിലെ 10.00 മുതൽ 5.00 മണി പരിശീലനം ഉണ്ടായിരിക്കുന്നതാണ്. പരിശീലനത്തിൽ പങ്കെടുക്കുന്നവർ 0491- 2815454 നമ്പറിൽ വിളിച്ച് മുൻകൂട്ടി രജിസ്റ്റർ ചേയ്യേണ്ടതാണ്. പങ്കെടുക്കുന്നവർ ആധാർ കാർഡിൻറെ കോപ്പി കൊണ്ടുവരേണ്ടതാണ്. കേന്ദ്ര-കേരള സർക്കാരുകളുടെ വിവിധ ആടുവളർത്തൽ പദ്ധതികളിൽ അംഗമാകാൻ ആഗ്രഹിക്കുന്ന കർഷകർക്ക് ഈ പരിശീലനത്തിൽ പങ്കെടുത്ത് വൈദഗ്ദ്ധ്യവും നേടാവുന്നതാണ്.

7. **കാർഷിക നിർദ്ദേശം - കാർഷിക നിർദ്ദേശം** - അന്തരീക്ഷ ഈർപ്പം കൂടിയ സാഹചര്യമായതിനാൽ കമുകിലും തെങ്ങിലും മഹാളി രോഗം കാണാൻ സാധ്യതയുണ്ട്. അടയ്ക്കയുടെയും മച്ചിങ്ങയുടേയും തൊപ്പി ഭാഗത്തുനിന്ന് ചീഞ്ഞ് വരികയും അത് വേർപെട്ട് അടർന്നു വീഴുകയും ചെയ്യുന്നു. ഇങ്ങനെ വീഴുന്ന മച്ചിങ്ങയുടെ ഉൾഭാഗം മുഴുവനായും ചീഞ്ഞിട്ടുണ്ടാകും. ഈ രോഗം തടയുന്നതിനായി കോപ്പർ ഓക്സി ക്ലോറൈഡ് 3 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തളിച്ചു കൊടുക്കാവുന്നതാണ്.